## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 546

11.12.2012-ൽ മറുപടിക്ക്

### <u>തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും സ്വർണ്ണം കടത്തിയ സംഭവം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരിഫ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും സ്വർണ്ണം നിയമ വിരുദ്ധമായി കടത്തിയ സംഭവം സംബന്ധിച്ച് സഹകരണ വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തുകയുണ്ടായോ ; | (എ) സഹകരണ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ തിരുവനന്തപുരം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) ബാങ്കിൽ പണയംവെച്ച എത്ര സ്വർണ്ണാഭരണങ്ങൾ കടത്തികൊണ്ടു പോയതായിട്ടാണ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളത് ; ഭരണസമിതിയിലെയും ജീവനക്കാരിലെയും ആരുടെയെല്ലാം അറിവോടുകൂടിയാണ് സ്വർണ്ണക്കടത്ത് നടന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | (ബി) 1535 ഗ്രാം സ്വർണ്ണം അപഹരണം നടത്തിയിട്ടുണ്ട്. ടി അപഹരണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ പങ്കിനെ സംബന്ധിച്ച് പോലീസ് അന്വേഷണം നടന്നു വരുന്നതും, 2 പേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. |
| (സി) ലോക്കറുകളിൽ സൂക്ഷിച്ച സ്വർണ്ണാഭരണങ്ങൾ അവിടെ നിന്നും കടത്തുന്നതിന് ഗൂഢാലോചന നടത്തിയവരുടെയും സ്വർണ്ണം കടത്തികൊണ്ടു പോയവരുടെയും സംഭവവുമായി ബന്ധപ്പെട്ട എല്ലാവരുടെയും പേരിൽ നടപടികൾ സ്വീകരിക്കുകയുണ്ടായോ; | (സി) അപഹരണവുമായി ബന്ധപ്പെട്ട് 2 ജീവനക്കാരെ പോലീസ് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതും, ടി ജീവനക്കാർ ഉൾപ്പെടെ മൂന്ന് പേരെ ബാങ്ക് സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളതുമാണ്. |

(ഡി) സഹകരണ രജിസ്ട്രാർ ഈ സംഭവം സംബന്ധിച്ച് നിയമാനുസരണം ഇൻസ്പെക്ഷനും, എൻക്വയറിയും നടത്തുകയുണ്ടായോ ; സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ ?

(ഡി) സംഭവവുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ പരിശോധന നടത്തിയിട്ടുണ്ട്. ബാങ്കിന്റെ ഹെഡ് ആഫീസിലും എല്ലാ ശാഖകളിലും സ്വർണ്ണം മുഴുവനും പരിശോധിച്ച് നിജപ്പെടുത്തിയിട്ടുണ്ട്. അപഹരിക്കപ്പെട്ട 1535 ഗ്രാം സ്വർണ്ണം പോലീസ് അന്വേഷണം നടത്തി കണ്ടെടുക്കുകയും ഇപ്പോൾ പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുകയുമാണ്.

**സെക്ഷൻ ഓഫീസർ**